# മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

# സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

**തൃശ്ശൂർ ജില്ല**

**മുല്ലശ്ശേരി ബ്ലോക്ക്**

**എളവള്ളി ഗ്രാമപഞ്ചായത്ത്**

**ഒന്നാം വാർഡ്**

---

## മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് നിയമം

## സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളം (MGNSASK )

**2018-19**

---

# ആമുഖം

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ച് നിലനിർത്തുന്നതിനായി 2005 സെപ്റ്റംബർ അഞ്ചാം തീയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു. അവിദഗ്ദ കായിക തൊഴിലിൽഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉൽപാദനക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.ദരിദ്രരുടെ ഉപജീവനവും ആയി ബന്ധപ്പെട്ട വിഭവാടിത്തറശക്തിപ്പെടുത്തുകയും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുകയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നതും ഇതിൻറെ ലക്ഷ്യമാണ്.

**സവിശേഷതകൾ**

- നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിതപദ്ധതി
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം
- സ്ത്രീക്കും പുരുഷനും തുല്യ വേതനം
- പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന
- തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു
- ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത
- കരാറുകാരെ ഇടനിലക്കാരോ ഇല്ല
- പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്
- ബാങ്ക്, പോസ്റ്റോഫീസ് വഴി മാത്രം വേതന വിതരണം
- സ്ത്രീകൾക്ക് മുൻഗണന
- കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം
- ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നടപ്പിക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് 17 (2 ) -)o വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതുധനം ചിലവഴിക്കുന്നതിനെപ്പറ്റിയും പൗരസമൂസഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയുമാണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക പരിശോധന. തൊഴിലുറപ്പ് നിയമ പ്രകാരം വർഷത്തിൽ 2 പ്രാവിശ്യം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എല്ലാ വാർഡുകളിലും കൃത്യമായി നടത്തേണ്ടതാണ്. സോഷ്യൽ ഓഡിറ്റിലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സത്ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു. പദ്ധതി പണം ശെരിയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ടോ എന്നും ഈ പണം ചിലവഴിച്ചതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്നും പദ്ധതിയുടെ ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണകരമായും അതുമൂലം കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ടോ എന്നും സോഷ്യൽ ഓഡിറ്റ് പ്രക്രിയക്ക് കണ്ടെത്താൻ കഴിയുന്നു.

# സോഷ്യൽ ഓഡിറ്റ് രീതിശാസ്ത്രം

മുല്ലശ്ശേരി ബ്ലോക്കിലെ എളവള്ളി പഞ്ചായത്തിലെ വാർഡ് 1 ബ്രഹ്മംകുളം പ്രദേശത്ത് ഒക്ടോബർ 1, 2018 മുതൽ മാർച്ച് 31, 2019 വരെയുള്ള കാലഘട്ടത്തില് നടപ്പിലാക്കിയ പദ്ധതികളാണു ഓഡിറ്റ്നു വിധേയമാക്കിയത്. സോഷ്യൽ ഓഡിറ്റ് റിസോഴ്സ് സംഘം പ്രവൃത്തി ഫയല് പരിശോധന, ഫീൽഡ് സന്ദർശനം, തൊഴിലാളികൾ ആയുള്ള അഭിമുഖം , എം ഐ എസ് പരിശോധന എന്നിവയെ അടിസ്ഥാനമാക്കിയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

# തൊഴിലാളികളുടെ അവകാശങ്ങൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയുന്നത് എന്തൊക്കെ എന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കണം എന്ന് ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപെടുത്തുന്നതിനു വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ് തൊഴിലാളികൾക്ക് 10 അവകാശങ്ങൾ പ്രദാനം ചെയുന്നത്.അവ എന്തൊക്കെ എന്ന് ചുവടെ ചേർക്കുന്നു.

### 1.തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അവകാശം (Schedule 2 Para 1 )

തൊഴിലുറപ്പു നിയമം (ഷെഡ്യൂൾ 2 പാര 1) അനുസരിച് 18 വയസ്സ് പൂർത്തിയായ ഏതൊരാളും തൊഴിൽ കാർഡിന് അപേക്ഷിച്ചാൽ 15 ദിവസത്തിനുള്ളിൽ ഫോട്ടോ പതിച്ച തൊഴിൽ കാർഡ് സർക്കാർ ചെലവിൽ ലഭിക്കാനുള്ള അവകാശമാണ് നിയമം നൽകുന്നത്. വാർഡിൽ ആകെ 110 തൊഴിൽ കാർഡുകൾ ആണ് ഉള്ളത്. ഇതിൽ 5 പേരാണ് നിലവിൽ തൊഴിൽ ചെയ്യുന്നതിനായി വരുന്നത്.

തൊഴിൽ കാർഡിന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചാൽ ഉചിതമായ അന്വേഷണം നടത്തി 15 ദിവസത്തിനകം കാർഡ് നല്കേണ്ടതാണ്. തൊഴിൽ കാർഡ് കൈവശം സൂകിഷിക്കേണ്ടത് തൊഴിലാളിയാണ്. ഏതെങ്കിലും കാര്യങ്ങൾ എഴുതി ചേർക്കുന്നതിനായി പഞ്ചായത്തിൽ ഏല്പിച്ചാൽ എത്രയും വേഗം തിരിച്ചു നൽകേണ്ടതാണ്. വ്യക്തമായ കാരണം കൂടാതെ തൊഴിൽ കാർഡ് പഞ്ചായത്തിൽ സൂക്ഷിക്കുയാണെങ്കിൽ സെക്ഷൻ 25 പ്രകാരം ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. demand, work allocation, ചെയ്ത പ്രവൃത്തി, ഹാജർ, മസ്റ്റർ റോൾ നമ്പർ, വേതന സംബന്ധമായ വിവരങ്ങൾ തുടങ്ങിയവ തൊഴിൽ കാർഡിൽ ഉണ്ടാവേണ്ടതാണ്. തൊഴിൽ കാർഡ് എടുക്കുന്നതിനുള്ള ചെലവ് ഫോട്ടോ ഉൾപ്പെടെ 6 % അഡ്മിനിസ്ട്രേറ്റീവ് ഫണ്ടിൽ ണ് ഇന്നും എടുക്കേണ്ടതാണ്. പഞ്ചായത്തിൽ നിന്നും സ്ഥിരമായി താമസം മാറി പോവുകയോ, മരണപ്പെടുകയോ, ഹാജരാകിയ രേഖകൾ കൃത്രിമമാണെന്നു തെളിയുകയോ ചെയ്താൽ മാത്രമേ തൊഴിൽ കാർഡ് ക്യാൻസൽ/ ഡിലീറ്റ് ചെയ്യാൻ പാടുള്ളു.

### .2. തൊഴിൽ ആവശ്യപ്പെടാനും 15 ദിവസത്തിനുള്ളിൽ ലഭിക്കാനുള്ള അവകാശം. (Schedule 1 Para 11 )

തൊഴിൽ ദിനങ്ങൾ ആവശ്യപ്പെടുവാനും തീയതി വച്ച രസീത് കൈപ്പറ്റുവാനും 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനും ഉള്ള അവകാശം നിയമം അനുശാസിക്കുന്നു. തൊഴിൽ കാർഡിൽ പേരുള്ള ഏതൊരു അംഗത്തിനും അവിദഗ്ദ്ധ കായിക തൊഴിലിയുനായി ആവശ്യപ്പെടാവുന്നതാണ്.. ഇത്തരം അപേക്ഷ രജിസ്റ്റർ ചെയ്യേണ്ടതും തീയതി വച്ച രസീതി നൽകേണ്ടതുമാണ്. തീയതി വച്ചുള്ള രസീതി തൊഴിലാളികൾക്കു നൽകുന്നതിനുള്ള ഏർപ്പാട് ചെയ്യുന്നില്ല എങ്കിൽ തൊഴിലുറപ്പു നിയമത്തിലെ സെക്ഷൻ 25 അനുസരിച്ചുള്ള ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.

ഈ വാർഡിലെ തൊഴിലാളികൾ മേറ്റ് മുഖേനയാണ് തൊഴിൽ ആവശ്യപ്പെടുന്നത്. ഡിമാൻഡ് ഫോം ഫ്രണ്ട് ഓഫീസിൽ കൊടുക്കുകയും രസീതി കൈപ്പറ്റുകയും ചെയ്യാറില്ല.

### 3 തൊഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം. (Section 7(1) )

തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനകം തൊഴിൽ ലഭിച്ചില്ലെങ്കിൽ ആദ്യത്തെ മുപ്പത് ദിവസം വേതനത്തിന് നാലിലൊന്നും തുടർന്ന് 100 ദിവസം വരെ വേതനത്തിന് പകുതി യും ലഭിക്കൻ അവകാശമുണ്ട്.

വാർഡിലെ തൊഴിലാളികൾ ആരുംതന്നെ തൊഴിലില്ലായ്മ വേതനത്തിനു അപേക്ഷിച്ചതായി അറിയാൻ കഴിഞ്ഞില്ല .

**4. പ്രവർത്തികൾ കണ്ടെത്തി നൽകാനുള്ള അവകാശം . (Schedule 1 Para 9 )**

ഓരോ തൊഴിലാളിക്കും തൊഴിലുറപ്പ് പദ്ധതി പ്രകാരം തങ്ങളുടെ വാർഡിൽ ഏറ്റെടുത്തു നടപ്പിലാക്കേണ്ട പ്രവർത്തികൾ (നാല് വിഭാഗങ്ങളിലായി 260 എണ്ണം - അനുബന്ധം കാണുക) കണ്ടെത്തി നൽകുവാനുള്ള അവകാശം. സെക്ഷൻ 16 (1) പ്രകാരം ഗ്രാമസഭ / വാർഡ് സഭ യിൽ വരുന്ന നിർദ്ദേശങ്ങളും ഉൾപ്പെടുത്തി കൊണ്ടുള്ള സെല്ഫ് ഓഫ് പ്രൊജക്റ്റ് തയ്യാറാക്കേണ്ട ഉത്തരവാദിത്തം ഗ്രമ പഞ്ചായത്തിനാണ്..

**5.അഞ്ചു കിലോമീറ്റർ ചുറ്റളവിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശം(Schedule 2 Para 18 )**

തൊഴിലാളിയുടെ താമസസ്ഥലത്തു നിന്ന് അഞ്ച് കിലോമീറ്റർ ചുറ്റളവിലല്ല തൊഴിൽ ലഭിക്കുന്നതെങ്കിൽ വേതനത്തിന്റെ 10 ശതമാനം കൂടി അധികവേതനം ലഭിക്കുന്നതിനുള്ള അവകാശം. **(Schedule 2 Para 20 )**

**6.പണി സ്ഥലത്തെ അടിസ്ഥാന സൗകര്യങ്ങൾക്കുള്ള അവകാശം(Schedule 2 Para 23 )**

പട്ടിക 2 ഭാഗം. 23 പ്രകാരം പ്രവർത്തി സ്ഥലത്തു കുടിവെള്ളം, തണൽ , അടിയന്തിര ചികിത്സക്കുതകുന്ന പ്രഥമശുശ്രൂഷ കിറ്റുകൾ , 5 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ആയയുടെ സൗകര്യം എന്നിങ്ങനെ നിയമം അനുശാസിക്കുന്നു. തൊഴിൽസ്ഥലത്ത് ശുദ്ധമായ കുടിവെള്ളം, ഫസ്റ്റ് എയ്ഡ് ബോക്സ് എന്നിവക്കുള്ള അവകാശം. കൂടാതെ തൊഴിൽ സ്ഥലത്ത് ഉണ്ടാകുന്ന അപകടത്തിൻറെ ചികിത്സാചിലവും ലഭിക്കുന്നതിനുള്ള അവകാശം.

തൊഴിലാളികൾക്ക് ആവശ്യമായ കുടിവെള്ളം തൊഴിലാളികൾ തന്നെയാണ് കൊണ്ടുവരുന്നത്. തണൽ സൗകര്യത്തിനായുള്ള ടാർപോളിൻ തൊഴിലാളികൾക്ക് ഇല്ല എന്ന് അറിയാൻ കഴിഞ്ഞു. മാറ്റുമാരായി വരുന്ന വ്യക്തികൾ സ്വന്തമായി പൈസ ചെലവ് ചെയ്തിട്ടാണ് അത്യാവശ്യമെന്നു തോന്നുന്ന മരുന്നുകൾ പ്രാഥമിക ശുശ്രൂഷ കിറ്റുകൾ ഉൾപ്പെടുത്തുന്നത്.

**7.കൂലി ലഭിക്കാനും 15 ദിവസത്തിനുള്ളിൽ തന്നെ അത് ലഭിക്കാനുള്ള അവകാശം(Schedule 2 Para 29 )**

സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കൂലി 15 ദിവസത്തിനുള്ളിൽ ലഭിക്കുവാൻ ഉള്ള അവകാശം. വേതനം 15 ദിവസത്തിനുള്ളിൽ ലഭിക്കുന്നില്ല എന്ന് പരിശോധനയിൽ വ്യക്തമായി. നിയമം അനുസരിച്ചു 15 ദിവസത്തിനുള്ളിൽ കൂലി ലഭിച്ചില്ല എങ്കിൽ വേതനത്തിന്റെ 0.05% നഷ്ടപരിഹാരത്തിനു അർഹതയുണ്ട്.

കൂലി മാസങ്ങളോളം വൈകുന്നതായി കണ്ടെത്തി.

**8.വേതന വിതരണത്തിലെ കാലതാമസത്തിനു നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം.**

അവസാന പ്രവൃത്തി ദിവസത്തിന്റെ പതിനഞ്ചാം ദിവസത്തിനുള്ളിൽ വേതനം ലഭിച്ചില്ലെങ്കിൽ വേദനത്തിൻറെ 0.05 ശതമാനം അധിക വേതനം ലഭിക്കുന്നത്തിനുള്ള അവകാശം.

പട്ടിക 2 പാര 29 അനുസൃതമായി പതിനഞ്ചു ദിവസത്തിനകം തൊഴിൽ വേതനം ലഭ്യമായില്ലെങ്കിൽ വേതന താമസത്തിനു 0.05 ശതമാനം നിരക്കിൽ അധിക വേതനം ലഭ്യമാകേണ്ടതാണ്.

**9. സമയബന്ധിതമായ പ്രശ്നപരിഹാരത്തിനുള്ള അവകാശം**

സെക്ഷൻ 19 അനുസരിച്ച് അഞ്ചുദിവസത്തിനകം പരാതി പരിഹരിക്കുകയും ഏഴുദിവസത്തിനുള്ളിൽ പരാതിക്കാരന് അത് അറിയിക്കുവാനും ഉള്ള അവകാശം.

പരാതി രജിസ്റ്റർ, ടോൾ ഫ്രീ നമ്പർ എന്നിവ വഴിയായി പരാതികൾ രേഖപ്പെടുത്താൻ അവസരം ഉണ്ട്.

**10.സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം. (Section 17)**

തുടർച്ചയായി സാമൂഹ്യ പരിശോധന നടത്തുവാനും അതിൽ പങ്കാളിയാകുന്നതിനുമുള്ള അവകാശം.

## ഫയൽ പരിശോധന

1. ജോബ് കാർഡ് രജിസ്റ്റർ
2. **ഗ്രാമസഭ** രജിസ്റ്റർ
3. ഡിമാൻഡ് / അലോക്കേഷൻ & വേതന രജിസ്റ്റർ
4. വർക്ക് രജിസ്റ്റർ
5. ഫിക്സഡ് അസറ്റ് രജിസ്റ്റർ
6. പരാതിരജിസ്റ്റർ
7. മെറ്റീരിയൽ രജിസ്റ്റർ

### പ്രവർത്തി ഫയലിലെ 22 രേഖകൾ

കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം ഒരു പ്രവൃത്തിഫയലിൽ താഴെ പറയുന്ന 22 രേഖകൾ നിർബന്ധമായും ഉണ്ടാക്കേണ്ടതാണ്.

1) കവർ പേജ്
2) ചെക്ക് ലിസ്റ്റ്
3) ആക്ഷൻ പ്ലാൻ / ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി.
4) സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും
5) ഭരണാനുമതിയുടെയും സാമ്പത്തികാനുമതിയുടെയും കോപ്പി.
6) സാങ്കേതികാനുമതിയുടെ കോപ്പി.
7) കൺവെർജെൻസ് വിശധാംശങ്ങൾ
8) തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ.
9) തൊഴിൽ അനുവദിച്ചതുകൊണ്ടുള്ള നോട്ടീസിന്റെ കോപ്പി.
10) പൂരിപ്പിച്ച മസ്റ്റർ റോളിന്റെ കോപ്പി.
11) മെഷർമെൻറ് ബുക്കിന്റെ കോപ്പി.
12) സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്യോട്ടേഷൻ ക്ഷണിച്ചതിൻറെയും കംപാരിറ്റിവ് സ്റ്റേറ്റ് മെന്റിന്റെയും മെറ്റീരിയൽ സപ്ലൈ ഓർഡറിന്റെയും കോപ്പി.
13) വേജ് ലിസ്റ്റ്
14) വേതനത്തിൻറെയും സാധനങ്ങൾക്ക് പണമടച്ചതിന്റേയും എഫ്.റ്റി.ഒ യുടെയും കോപ്പി.
15) മെറ്റീരിയൽ വൗച്ചറിൻറെയും ബിലുകളുടെയും കോപ്പി.
16) റോയൽറ്റി അടച്ചതിൻറെ രസീതിന്റെ കോപ്പി.
17) മൂന്ന് ഘട്ടങ്ങൾ ആയുള്ള തൊഴിലിൻറെ ഫോട്ടോ.
18) പൂർത്തീകരിച്ച സർട്ടിഫിക്കറ്റിന്റെ കോപ്പി.
19) മസ്റ്റർ റോൾ മൂവ് മെൻറ് സ്ലിപ്.
20) ആസ്തിയുടെ ജിയോ ടാഗ് ഫോട്ടോസുകൾ.
21) സോഷ്യൽ ഓഡിറ്റിൻറെ കോപ്പി.
22) സൈറ്റ് ഡയറി.

### CIB- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്

തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യത ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള ഒരു ഉപാധിയാണ് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് Para 25(a), schedule 1 അനുസരിച്ച് ഒരു പ്രവർത്തിയുടെ അടിസ്ഥാന വിവരങ്ങൾ അതായത് എസ്റ്റിമേറ്റ് തുക സാധന വേതന ഘടകങ്ങൾ യഥാർത്ഥ ചെലവ് തൊഴിൽ ദിനങ്ങൾ തുടങ്ങിയ

വിവരങ്ങൾ സാധാരണ ജനങ്ങൾക്കും ഗുണഭോക്താക്കൾക്കും മനസ്സിലാകുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടത് അനിവാര്യമാണ്.ഈ ബോർഡ് സ്ഥാപിക്കേണ്ടത് ഓരോ പ്രവർത്തിയുടെയും ആരംഭഘട്ടത്തിൽ ആണ് .ഓരോ പ്രവർത്തിക്കും അനുസൃതമായി നിഷ്കർഷിച്ചിട്ടുള്ള അളവുകളിൽ ഉള്ള ബോർഡുകൾ സിമൻറ്ും കോൺക്രീറ്റും ഉപയോഗിച്ച് നിർമ്മിച്ച് സ്ഥാപിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട് .ഇരുമ്പ് ,ടിൻ ,

ഫ്ളക്സ്ഷീറ്റുകൾ തുടങ്ങിയവ ഉപയോഗിച്ചിട്ടുള്ള ബോർഡുകൾ സ്ഥാപിക്കുന്നത് നിയമവിരുദ്ധമാണ് .

വ്യക്തിഗത പ്രവർത്തികൾക്ക് 3000 രൂപയും പൊതു പ്രവർത്തികൾക്ക് 5000 രൂപയും ആണ് പരമാവധി നിർമ്മാണ ചിലവ് എന്നാണ് ആനുവൽ മാസ്റ്റർ സർക്കുലർ നിഷ്കർഷിക്കുന്നത്. CIB അടങ്ങുന്ന ഒരു ഫോട്ടോ പ്രവൃത്തി ഫയലിൽ ഉൾപ്പെടുത്തണം എന്നത് നിർബന്ധമാണ്.

ആകെ ആറു പ്രവൃത്തിയാണ് നടന്നിട്ടുള്ളത്.

1. ബ്രഹ്മംകുളം പ്രദേശത്ത് സംഘകൃഷിയ്ക്ക് അനുയോജ്യമായ നിലമൊരുക്കൽ
( 1607010001/LD/324836 )

2. ബ്രഹ്മംകുളം പ്രദേശത്ത് വൃക്ഷത്തൈ വെച്ചുപിടിപ്പിക്കൽ
(1607010001/DP/267494 )

ഈ രണ്ടു പ്രവൃത്തികളിലും സൈറ്റിൽ CIB കാണാൻ സാധിച്ചു.

3 ഭവന നിർമ്മാണ പ്രവൃത്തികളിൽ സൈറ്റിൽ CIB കാണാൻ സാധിച്ചില്ല.

## <u>റോസ്ഗാർദിനം</u>

തൊഴിൽ ആവശ്യകത കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിനും തൊഴിലാളികളുടെ അർഹതകളും അവകാശങ്ങളും അവരെ ബോധ്യപ്പെടുത്തുന്നതിനും പദ്ധതികൾ പരിഹരിക്കുന്നതിനുമായി റോസ്ഗാർ ദിനം സംഘടിപ്പിക്കേണ്ടതാണ്. റോസ്ഗാർ ദിനം ആചരിക്കുന്നതിനു മുൻപായി വിവര വിദ്യാഭ്യാസ വ്യാപനപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട് എന്ന് ജില്ലാ പ്രോഗ്രാം കോഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്. റോസ്ഗാർ കലണ്ടർ സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകളെ പ്രത്യേകമായി ബോധവൽക്കരിക്കേണ്ടതാണ്. റോസ്ഗാർ ദിനം സംഘടിപ്പിക്കുന്നതിൻറെ ചുമതലകളും ഉത്തരവാദിത്വങ്ങളും സംസ്ഥാന സർക്കാർ ജില്ലാ പ്രോഗ്രാം കോഡിനേറ്റർ രൂപീകരിച്ചിട്ടുള്ള പ്രതിമാസ പട്ടിക അനുസരിച്ച് തന്നെ റോസ്ഗാർ ദിനം സംഘടിപ്പിക്കുന്നു എന്ന് ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ ഉറപ്പുവരുത്തേണ്ടതാണ്. ഈ പട്ടിക ഗ്രാമവികസന മന്ത്രാലയവുമായും പൊതുജനങ്ങളുമായും പങ്കുവെക്കേണ്ടതും ഒരു മാസത്തിലൊരിക്കൽ ഗ്രാമ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് നിയോഗിക്കപ്പെട്ട ഗ്രാമപഞ്ചായത്തിലെ ഭാരവാഹി ദിനാചരണത്തിൽ അധ്യക്ഷത വഹിക്കേണ്ടതാണ്. ഇത് നടത്തുന്നതിനും നടപടിക്രമങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള സ്വയംസഹായ സംഘങ്ങളുടെ ഫെഡറേഷൻ അംഗങ്ങൾ എന്നിവർക്കാണ്. റോസ്ഗാർദിനം ആചരിക്കുന്നത്നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിവസം നടത്തുന്നതിനായി ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ട താണ്. ഈ യോഗത്തിൽ മിനിറ്റ്സ് പൊതുജനങ്ങൾക്ക് പരിശോധിക്കുന്നതിനും സോഷ്യൽ ഓഡിറ്റിനും ലഭ്യമാക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാർ ദിനം സംഘടിപ്പിക്കുന്നത് സംബന്ധിച്ച റിപ്പോർട്ടുകൾ ശേഖരിക്കുന്നതാണ്. സംസ്ഥാന സർക്കാർ തൊഴിൽ ആവശ്യകത സംബന്ധിച്ച് ജില്ലാതല റിപ്പോർട്ടുകൾ പതിവായി അവലോകനം ചെയ്യേണ്ടതാണ്.

നിലവിൽ റോസ്ഗാർ ദിനം സംഘടിപ്പിക്കുന്നില്ല.

## ഫയൽ - സ്ഥല പരിശോധനാ വിവരണം

2018 – 2019 ഓഡിറ്റ് കാലയളവിലായി എളവള്ളി പഞ്ചായത്തിലെ ഒന്നാം വാർഡിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ആകെ ആറു പ്രവൃത്തിയാണ് നടന്നിട്ടുള്ളത്.

**1. ബ്രഹ്മംകുളം പ്രദേശത്ത് സംഘകൃഷിയ്ക്ക് അനുയോജ്യമായ നിലമൊരുക്കൽ**

**( 1607010001/LD/324836 )**

**02/03/2019 - 29/03/2019**

# എസ്റ്റിമേറ്റ് പ്രകാരം ഈ പ്രവൃത്തിക്കായി 694 തൊഴിൽ ദിനങ്ങളിലായി 1,95,345 രൂപയാണ് വിലയിരുത്തിയിരിക്കുന്നത്.

# എസ്റ്റിമേറ്റിൽ CIB യ്ക്കായി 3,000 രൂപ വിലയിരുത്തിയിരിക്കുന്നു. സൈറ്റിൽ CIB കാണാൻ കഴിഞ്ഞു.

# എം.ബുക്കിൽ 654 തൊഴിൽദിനങ്ങളിലായി 1,80,504 രൂപയാണ് ഈ പ്രവൃത്തിക്കായി ചിലവഴിച്ചിരിക്കുന്നത്. മെറ്റീരിയൽസ് ബിൽ കാണാൻ കഴിഞ്ഞു.

**2. ബ്രഹ്മംകുളം പ്രദേശത്ത് വൃക്ഷത്തൈ വെച്ചുപിടിപ്പിക്കൽ**

**(1607010001/DP/267494 )**

**05/10/2018 - 21/03/2019**

# എസ്റ്റിമേറ്റ് പ്രകാരം ഈ പ്രവൃത്തിക്കായി 1127 തൊഴിൽ ദിനങ്ങളിലായി 3,16535 രൂപയാണ് വിലയിരുത്തിയിരിക്കുന്നത്.

# എസ്റ്റിമേറ്റിൽ CIB യ്ക്കായി 5,000 രൂപ വിലയിരുത്തിയിരിക്കുന്നു. സൈറ്റിൽ CIB കാണാൻ കഴിഞ്ഞു.

# എം.ബുക്കിൽ 414 തൊഴിൽദിനങ്ങളിലായി 2,22,491 രൂപയാണ് ഈ പ്രവൃത്തിക്കായി ചിലവഴിച്ചിരിക്കുന്നത്.

**3. ബ്രഹ്മംകുളം പ്രദേശത്ത് ഗവ.ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ ഭാഗം – 1**

**(1607010001/IF/345313 )**

**ജെസ്സി വർഗ്ഗീസ് 01/33**

**27/11/2018 - 26/03/2019**

# എസ്റ്റിമേറ്റ് പ്രകാരം ഈ പ്രവൃത്തിക്കായി 90 തൊഴിൽ ദിനങ്ങളിലായി 24,390 രൂപയാണ് വിലയിരുത്തിയിരിക്കുന്നത്.

# ഫയലിൽ ആകെ 6 മസ്റ്റർറോളുകൾ ( 1670, 1988, 2350, 2834, 3031, 3380 ) മാത്രമേ കാണുന്നുള്ളൂ. ഇതുപ്രകാരം 21,138 രൂപയാണ് വേതനമായി കാണാൻ കഴിയുന്നത്.

# എം.ബുക്കിൽ 7 മസ്റ്റർറോളുകൾ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതുപ്രകാരം 24,390 രൂപ ചിലവഴിച്ചതായി കാണുന്നു. മസ്റ്ററോൾ 2571 ഫയലിൽ കാണാൻ കഴിയുന്നില്ല.

# തൊഴിലുറപ്പിനു പോകുന്ന വ്യക്തിയാണ്.

# ബാങ്ക് പാസ്സ്ബുക്കിൽ വേതനം കയറിയതായി കാണാൻ കഴിഞ്ഞു.

# പണി പൂർത്തീകരണഘട്ടത്തിലാണ്.

**4. ബ്രഹ്മംകുളം പ്രദേശത്ത് ഗവ.ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ ഭാഗം – 4**

**(1607010001/IF/345322 )**

**കോമള മനോഹരൻ - 04/21**

**27/11/2018 - 12/03/2019**

# എസ്റ്റിമേറ്റ് പ്രകാരം ഈ പ്രവൃത്തിക്കായി 90 തൊഴിൽ ദിനങ്ങളിലായി 24,390 രൂപയാണ് വിലയിരുത്തിയിരിക്കുന്നത്.

# എം.ബുക്കിൽ 6 മസ്റ്റർറോളുകളിലായി ചിലവഴിച്ച തുക ഒരൊറ്റ ബില്ലായാണ് കാണിച്ചിരിക്കുന്നത്.

# പണി പൂർത്തീകരിച്ചിരിക്കുന്നു.

# താമസം ആരംഭിച്ചു.

**5. ബ്രഹ്മംകുളം പ്രദേശത്ത് ഗവ.ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ ഭാഗം – 5**

**(1607010001/IF/345323 )**

**സിന്ധു ഷാജി 10/149**

**18/03/2019 - ?????????**

# എസ്റ്റിമേറ്റ് പ്രകാരം ഈ പ്രവൃത്തിക്കായി 90 തൊഴിൽ ദിനങ്ങളിലായി 24,390 രൂപയാണ് വിലയിരുത്തിയിരിക്കുന്നത്.

# ഫയലിലും എം.ബുക്കിലും 3364 എന്ന മസ്റ്റർറോൾ മാത്രമേ കാണാൻ കഴിയുന്നുള്ളൂ. അതു പ്രകാരം ഈ പ്രവൃത്തിക്കായി 12 തൊഴിൽദിനങ്ങളിലായി 3,252 രൂപയാണ് ചിലവഴിച്ചതായി കാണാൻ കഴിയന്നത്.

# ഉടമ തൊഴിലുറപ്പിനു പോകുന്ന വ്യക്തിയല്ല.

# തൊഴിൽ കാർഡ് കൈവശമില്ല.

# വീടുപണി പൂർത്തീകരിച്ചിരിക്കുന്നു.

# താമസം ആരംഭിച്ചു.

**6. ചേലൂർ പ്രദേശത്ത് ഗവ.ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ ഭാഗം – 1**

**(1607010001/IF/369995 )**

**27/11/2018 - 21/01/2019**

**സുനിത ഉണ്ണികൃഷ്ണൻ - 06/59**

# എസ്റ്റിമേറ്റ് പ്രകാരം ഈ പ്രവൃത്തിക്കായി 90 തൊഴിൽ ദിനങ്ങളിലായി 24,390 രൂപയാണ് വിലയിരുത്തിയിരിക്കുന്നത്.

# എം.ബുക്ക് പ്രകാരം 4 മസ്റ്റർറോളുകളിലായി (1676,1995,2357,2577) 24390/- രൂപ ഈ പ്രവൃത്തിക്കായി ചിലവഴിച്ചതായി കാണുന്നു.

# എന്നാൽ ഫയലിൽ 3 മസ്റ്റർറോളുകളേ കാണാൻ കഴിയുന്നുള്ളൂ. 14 ദിവസത്തെ പ്രവൃത്തിയുൾപ്പെടുന്ന 2577 എന്ന മസ്റ്റർറോൾ ഫയലിൽ കാണാൻ കഴിയുന്നില്ല.

# വീട് പണി പൂർത്തീകരിച്ചിരിക്കുന്നു.

# താമസം ആരംഭിച്ചിരിക്കുന്നു.

**<u>കണ്ടെത്തലുകൾ</u>**

# സംഘകൃഷിയ്ക്കായി നിലമൊരുക്കിയതിൽ അഞ്ച് കൃഷിയിടങ്ങളിൽ കൊള്ളി, ചേന, വഴുതന, മുളക്, മഞ്ഞൾ, ഇഞ്ചി, കവുങ്ങ്, വാഴ കൂർക്ക എന്നിവ കാണാൻ കഴിഞ്ഞു.

# കൃഷിയിടങ്ങളിൽ ഭൂരിഭാഗവും വെള്ളപ്പൊക്കത്തിൽ നശിച്ചതായി കാണാൻ കഴിഞ്ഞു.

# പഞ്ചായത്തിൽ നിന്നും നൽകിയ വഴുതനത്തൈ റോഡ് സൈഡിൽ നട്ടതായാണ് കാണാൻ കഴിഞ്ഞത്.

# 400 വൃക്ഷത്തൈ നടുന്ന പ്രവൃത്തിയാണ് നടന്നിട്ടുള്ളത്. എന്നാൽ 6 വൃക്ഷത്തൈകളാണ് കാണാൻ കഴിഞ്ഞത്. ഇവയെ വേലി കെട്ടി സംരക്ഷിച്ചിരിക്കുന്നു.

# ബാക്കിയുള്ളവയെല്ലാം നശിച്ചതായി കാണാൻ കഴിഞ്ഞത്.

# ഭവന നിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 4 വീടുകളും താമസയോഗ്യമാണെന്ന് കാണാൻ കഴിഞ്ഞു.

**<u>നിർദ്ദേശങ്ങൾ</u>**

# കൃത്യമായ ഇടവേളകളിൽ ബാങ്ക്പാസ്സ് ബുക്കിൽ ഇടപാട് വിവരങ്ങൾ രേഖപ്പെടുത്തുക.അതുവഴി വേതനം ലഭിച്ചോ ഇല്ലയോ എന്നറിയാൻ സാധിക്കും.

# പ്രഥമ ശുശ്രൂഷാ സാമഗ്രികൾ നിർബന്ധമായും കൈവശം സൂക്ഷിക്കുക.

# സ്വയം രക്ഷാസാമഗ്രികളായ കയ്യുറ, കാലുറ എന്നിവ തീർച്ചയായും നൽകുക.

# തൊഴിലാളികളുടെ കൈവശമാണ് തൊഴിൽ കാർഡ് സൂക്ഷിക്കേണ്ടത്

# തൊഴിലാളികളുടെ അടിസ്ഥാന സൌകര്യങ്ങൾ ലഭ്യമാക്കണം.

# സംഘകൃഷി ചെയ്തിരുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്ത് വിളവെടുത്തതിനു ശേഷം കാടുപിടിക്കാൻ അനുവദിക്കാതെ വീണ്ടും കൃഷിയോഗ്യമാക്കണം.

**<u>മിനിറ്റ്സ്</u>**

22/10/2019 ചൊവ്വാഴ്ച്ഉച്ചതിരിഞ്ഞ് 2.30ന് ബി.ആർ.പി മരിയ.കെ. ജോസഫിന്റെ നേതൃത്വത്തിൽ ബ്രഹ്മകുളം വായനശാലയിൽ വച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മൗനപ്രാർത്ഥനയോടെ ആരംഭിച്ചു.1-)0 വാർഡ് മെമ്പർ വേലായുധൻ,മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തംഗം സന്തോഷ്, ബി.ആർ.പി. മരിയ, വി.ആർ.പി മാരായ ജിഷ, വിന്യ,രേഷ്മ, ഒന്നാം വാർഡിലെ തൊഴിലാളികൾ,അഗംനവാടി വർക്കർ, എളവള്ളി പഞ്ചായത്ത് തൊഴിലുറപ്പു

വിഭാഗം അക്കൌണ്ടന്റെ്മീര, മറ്റുപ്രവർത്തകർ എന്നിവർ പങ്കാളികളായിരുന്നു.  ശേഷം 2.35ന്  മരിയ തൊഴിലാളികളിൽ നിന്നും അദ്ധ്യക്ഷയെ ക്ഷണിച്ചു . തുടർന്ന് ശ്രീമതി.  തങ്ക അദ്ധ്യക്ഷയാവുകയും ചെയ്തു. അദ്ധ്യക്ഷ സ്വാഗതം പറയുന്നതിന്  വാർഡ് മെമ്പറെ ക്ഷണിച്ചു . വാർഡ് മെമ്പർ എല്ലാവർക്കും സ്വാഗതം പറയുകയും തൊഴിലുറപ്പിന്റെ പ്രാധാന്യത്തെകുറിച്ച് പറയുകയും ചെയ്തു. തുടർന്ന് 2.45ന് മരിയ സോഷ്യൽ ഓഡിറ്റിനെ കുറിച്ച് വിഷയാവതരണം  നടത്തി.

ശേഷം 2.58 ന് വി.ആർ.പി.  ജിഷ തൊഴിലാളികളുടെ 10 അവകാശങ്ങളെക്കുറിച്ച് അറിവ് പകർന്നു.  ഇതിൽ നിന്നും തൊഴിലാളികൾക്ക് തൊഴിൽ കിട്ടുന്നുണ്ടെന്ന്  അറിയാൻകഴിഞ്ഞു. പ്രഥമശുശ്രൂഷസാമഗ്രികൾ കൈവശമില്ലെന്ന് ശാന്ത രാജൻ പറഞ്ഞു. ഇതിനു മറുപടിയായി പ്രഥമശുശ്രൂഷസാമഗ്രികൾ വാങ്ങിയ ബിൽ പഞ്ചായത്തിൽ കൊടുത്താൽ ചിലവായ തുക അക്കൌണ്ടിലേക്ക് കയറ്റിയിടുമെന്ന് മീര പറഞ്ഞു.

ശേഷം 3.10 ന് വി.ആർ.പി. രേഷ്മ ആ വാർഡിലെ ഫയൽ - സ്ഥലപരിശോധനാ റിപ്പോർട്ട് അവതരിപ്പിച്ചു. വൃക്ഷത്തൈ നടുന്ന പ്രവൃത്തിയിലും സംഘകൃഷിയിലും വെള്ളപ്പൊക്കം മൂലം നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വാർഡ് മെമ്പർ അറിയിച്ചു. റിപ്പോർട്ട് വായനയ്ക്കിടയിൽ 2,22,491 രൂപ വൃക്ഷത്തൈകൾ വെച്ചുപിടിപ്പിക്കാൻ ചിലവായിട്ടുണ്ടോ എന്ന് വാർഡ് മെമ്പർ  ആരാഞ്ഞു.ഭവന നിർമ്മാണ പ്രവൃത്തികളിൽ ഗുണഭോക്താക്കൾ 3 പേർ 1-)0 വാർഡിൽ ഉൾപ്പെട്ടവരല്ല. അതെന്തുകൊണ്ടന്നു ബി.ആർ.പി. മരിയ ചോദിച്ചപ്പോൾ  ആക്ഷൻ പ്ലാനിലുള്ള ഗുണഭോക്താക്കളെയാണ് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതുകാരണമാണ് മറ്റു വാർഡുകളിലുള്ളവരുടെ വർക്കുകൾ ഉൾപ്പെടുന്നതെന്ന് അക്കൌണ്ടന്റെ്മീര അറിയിച്ചു. റിപ്പോർട്ട് എല്ലാവരും കൈയ്യടിച്ച് പാസ്സാക്കി. ശേഷം 3.30 ന് അഗംനവാടി വർക്കർ ലീല എല്ലാവർക്കും നന്ദി പറഞ്ഞു. തുടർന്ന് യോഗം പിരിച്ചുവിട്ടതായി അദ്ധ്യക്ഷ അറിയിച്ചു.

**<u>ഗ്രാമസഭാ തീരുമാനങ്ങൾ</u>**

1. തൊഴിലാളികൾക്ക് പ്രഥമ ശുശ്രൂഷാ സാമഗ്രികൾ നൽകാമെന്ന് അക്കൌണ്ടന്റെ്മീര തീരുമാനം പറഞ്ഞു. .
2. കൈയ്യുറ, കാലുറ എന്നിവ ടെണ്ടർ വിളിച്ച് തൊഴിലാളികൾക്ക് നൽകാമെന്ന് അക്കൌണ്ടന്റെ്മീര തീരുമാനം അറിയിച്ചു .
3. സ്വന്തമായി മരുന്ന് വാങ്ങിയ ബില്ല് പഞ്ചായത്തിൽ ഏൽപ്പിച്ചാൽ  എത്രയും പെട്ടെന്ന് ചിലവായ തുക ലഭ്യമാകുമെന്ന് അക്കൌണ്ടന്റെ്മീര തീരുമാനം പറഞ്ഞു.
4. അടിസ്ഥാന സൗകര്യങ്ങളിലൊന്നായ ടാർപായ ലഭ്യമാക്കാമെന്ന് അക്കൌണ്ടന്റെ്മീര തീരുമാനം അറിയിച്ചു.
5. മസ്റ്റർ റോളിൽ വെട്ടുതിരുത്തലുകൾ ഉണ്ടാകാതിരിക്കാൻ മേറ്റിനും തൊഴിലാളികൾക്കും ബോധവത്കരണം നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കാമെന്ന് അക്കൌണ്ടന്റെ്മീര തീരുമാനം പറഞ്ഞു.

6. തൊഴിൽ കണ്ടെത്തി ആവശ്യമായ രേഖകൾ സഹിതം പഞ്ചായത്തിൽ ഏൽപ്പിച്ചാൽ കൈപ്പറ്റു രശീതി നൽകാമെന്ന് അക്കൌണ്ടന്റ്മീര തീരുമാനം പറഞ്ഞു.

7. ഭൂവികസന പ്രവൃത്തിയുടെ മസ്റ്റർ റോളിൽ ഏതൊക്കെ വ്യക്തികളുടെ സ്ഥലങ്ങളിലാണ് പ്രവൃത്തി നടത്തുന്നതെന്ന് രേഖപ്പെടുത്താമെന്ന് അക്കൌണ്ടന്റ്മീര തീരുമാനം പറഞ്ഞു.

8. ഫയലിൽ ഓരോ മസ്റ്റർ റോളിനും വേജ് ലിസ്റ്റും എഫ്.ടി.ഒ.യും നിർബന്ധമായും ഉൾപ്പെടുത്താമെന്ന് അക്കൌണ്ടന്റ്മീര തീരുമാനം പറഞ്ഞു.

9. വൃക്ഷത്തൈകൾ വെച്ചുപിടിപ്പിക്കുന്ന പ്രവൃത്തിയിൽ അവ പരിപാലിക്കുന്നതിനും കൂടി മസ്റ്റർറോൾ അടിക്കാമെന്ന് അക്കൌണ്ടന്റ്മീര തീരുമാനം അറിയിച്ചു.

10. മഴക്കുഴി നിർമ്മിക്കുന്നതിന്റെ സാങ്കേതിക വശം തൊഴിലാളികൾക്ക് മനസ്സിലാക്കി കൊടുക്കാമെന്ന് അക്കൌണ്ടന്റ്മീര തീരുമാനം അറിയിച്ചു.

11. ഭൂവികസന പ്രവൃത്തിയിൽ പുല്ലുകൾ വേരോടെ ചെത്തികളയാമെന്ന് തൊഴിലാളികൾ തീരുമാനം പറഞ്ഞു.

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | 1607010001/LD/324836 | ബ്രഹ്മകുളം പ്രദേശത്ത് സംഘകൃഷിക്ക് അനുയോജ്യമായ നിലമൊരുക്കല് | 2/3/2019 | 29/03/2019 | 195345 | 694 | 180504 | 654 |
| 2 | 1607010001/IF/345313 | ബ്രഹ്മകുളം പ്രദേശത്ത് ഗവ:ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിര്മ്മാണപ്രവര്ത്തികള് ഭാഗം 1 | 27/11/2018 | 26/03/2019 | 24390 | 90 | 21138 | 78 |
| 3 | 1607010001/IF/345322 | ബ്രഹ്മകുളം പ്രദേശത്ത് ഗവ:ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിര്മ്മാണപ്രവര്ത്തികള് ഭാഗം 4 | 27/11/2018 | 12/3/2019 | 24390 | 90 | 20596 | 76 |
| 4 | 1607010001/IF/345323 | ബ്രഹ്മകുളം പ്രദേശത്ത് ഗവ:ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിര്മ്മാണപ്രവര്ത്തികള് ഭാഗം 5 | 18/03/2019 | ???? | 24390 | 90 | 3252 | 12 |
| 5 | 1607010001/DP/267494 | ബ്രഹ്മകളം പ്രദേശത്ത് വൃക്ഷതൈ വച്ചുപിടിപ്പിക്കല് | 5/10/2018 | 23/03/2019 | 316535 | 1127 | 222491 | 414 |
| 6 | 1607010001/IF/369995 | ചല്ലൂര് പ്രദേശത്ത് ഗവ:ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിര്മ്മാണപ്രവര്ത്തികള് ഭാഗം 1 | 27/11/2018 | 21/01/2019 | 24390 | 90 | 16802 | 62 |

| SL NO | WORK CODE | WORK NAME | COVERPAGE | CHECK LIST | ACTION PLAN | ESTIMATE | DESIGN | TS | AS | CONVERGENCE | DEMAND | WORK ALLOCATION | MUSTER ROLL | M BOOK | METIRIAL | WAGE LIST | FTO | M.VOUCHER | ROYALTY | 3PHASE PHOTOGRAPH | COMPLITION | M M.SLIP | GEO TAGG | SOCIAL AUDIT | SITE DAARY | BOARD |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1607010001/LD/324836 | ബ്രഹ്മകുളം പഞ്ചായത്ത് സംഘകൃഷിക്കനുയോജ്യമായ നിലമൊരുക്കൽ | YES | YES | NO | YES | NO | YES | YES | NO | NO | NO | YES(4) | YES | NO | YES | NO | NO | NO | NO | NO | YES | NO | NO | NO | YES |
| 2 | 1607010001/IF/345313 | ബ്രഹ്മകുളം പഞ്ചായത്ത് ഗവ:ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണപ്രവർത്തികൾ ഭാഗം 1 | YES | YES | NO | YES | NO | YES | YES | NO | NO | NO | YES(6) | YES | NO | NO | NO | NO | NO | NO | NO | YES | NO | NO | NO | NO |
| 3 | 1607010001/IF/345322 | ബ്രഹ്മകുളം പഞ്ചായത്ത് ഗവ:ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണപ്രവർത്തികൾ ഭാഗം 4 | YES | YES | NO | YES | NO | YES | YES | NO | NO | NO | YES(6) | YES | NO | NO | NO | NO | NO | NO | NO | YES | NO | NO | NO | NO |
| 4 | 1607010001/IF/345323 | ബ്രഹ്മകുളം പഞ്ചായത്ത് ഗവ:ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണപ്രവർത്തികൾ ഭാഗം 5 | YES | YES | NO | YES | NO | YES | YES | NO | NO | NO | YES(1) | YES | NO | NO | NO | NO | NO | NO | NO | NO | NO | NO | NO | NO |
| 5 | 1607010001/DP/267494 | ബ്രഹ്മകുളം പഞ്ചായത്ത് വൃക്ഷത്തൈ വച്ചുപിടിപ്പിക്കൽ | YES | YES | NO | YES | NO | YES | YES | NO | NO | NO | YES(4) | YES | NO | YES | NO | NO | NO | NO | NO | YES | NO | NO | NO | YES |
| 6 | 1607010001/IF/369995 | ചല്ലൂർ പഞ്ചായത്ത് ഗവ:ഭവന പദ്ധതി പ്രകാരമുള്ള വീടുകളുടെ നിർമ്മാണപ്രവർത്തികൾ ഭാഗം 1 | YES | NO | NO | YES | NO | YES | YES | NO | NO | NO | YES(3) | YES | NO | NO | NO | NO | NO | NO | NO | YES | NO | NO | NO | NO |
| | | | | | | | | | | | | | | | | | | | | | | | | | | |